# മുതുവടത്തൂർ
# വി വി എൽ പി സ്കൂൾ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# അടിസ്ഥാന വിവരങ്ങൾ

1.വിദ്യാലയത്തിന്റെ പേര്:മുതുവടത്തൂർ വി.വി.എൽ.പി. സ്കൂൾ

വിലാസം :മുതുവടത്തൂർ പി.ഓ. പുറമേരി വടകര, 673503

2.ഫോൺ നമ്പർ :9497863945

3 സ്കൂൾ കോഡ് 16246

4. വിദ്യാഭ്യാസ ഉപജില്ല: ചോമ്പാല

5. വിദ്യാഭ്യാസ ജില്ല :വടകര

6. റവന്യൂ ജില്ല കോഴിക്കോട്

7. ബി.ആർസി : തൂണേരി

8. സി.ആർ.സി പുറമേരി

9. ഗ്രാമപഞ്ചായത്ത്: പുറമേരി

10. ബ്ലോക്ക് പഞ്ചായത്ത് : തൂണേരി

11. ജില്ലാ പഞ്ചായത്ത് :കോഴിക്കോട്

12. നിയമസഭാമണ്ഡലം :കുറ്റ്യാടി

13. ലോക സഭാമണ്ഡലം : വടകര

14. താലൂക്ക്: വടകര

15. വില്ലേജ്: പുറമേരി

16. ഇ.മെയിൽ vvlpschoolmvtr@gmail.com

## വിദ്യാലയ ചരിത്രം

പുറമേരി പഞ്ചായത്തിലെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മുതുവടത്തൂർ. തെക്ക് ആയഞ്ചേരി, ഏറാമല പഞ്ചായത്തുകളും, പടിഞ്ഞാറ് ,വടക്ക് എടച്ചേരി പഞ്ചായത്തും കിഴക്ക് തൂണേരി, നാദാപുരം പഞ്ചായത്തുകളുമാണ് ഈ പ്രദേശത്തിന്റെ അതിരുകൾ. ഈ പ്രദേശത്തിന്റെ ഏറ്റവും പടിഞ്ഞാറ് ഭാഗത്താണ് മുതുവടത്തൂർ വി.വി.എൽ.സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1943 ന് മുമ്പ് പച്ചോളങ്ങര കുഞ്ഞിരാമൻ വൈദ്യരുടെ മാനേജ്മെന്റിൽ ചമ്പോട്ട് എന്ന പറമ്പിൽ ആയിരുന്നു ഈ വിദ്യാലയം ജന്മം കൊണ്ടത്. കാലാന്തരത്തിൽ കുഞ്ഞിരാമൻ വൈദ്യർ മാനേജ്മെന്റ് തെക്കയിൽ അനന്തൻ മാസ്റ്റർക്ക് കൈമാറുകയും അദ്ദേഹം 1943 ൽ നടുവത്ത് എന്ന പറമ്പിൽ മാറ്റി സ്ഥാപിക്കുകയും ചെയ്തു. ആ സമയത്ത് വിദ്യാലയം ഗേൾസ് സ്കൂളായി പ്രവർത്തിച്ചിരുന്നു. സ്കൂൾ പ്രഥമ പ്രധാനാധ്യാപകനും മാനേജറുമായ ശ്രീ. തെക്കയിൽ അനന്തൻ മാസ്റ്ററുടെ നിരന്തരമായ ഇടപെടൽ മൂലം ഗേൾസ് സ്കൂൾ എന്നത് മാറ്റി ഗേൾസ് ബോയ്സ് കമ്പൈന്റ് സ്കൂൾ ആക്കി ഗവൺമെന്റിൽ നിന്ന് ഓർഡർ വാങ്ങിച്ചു. അങ്ങനെയാണ് ഇവിടുത്തെ ജനങ്ങളുടെ ചിരകാല അഭിലാഷമായ ഒരു എൽ. പി. സ്കൂൾ ഇവിടെ സ്ഥാപിക്കുന്നത്. വിദ്യാവിലാസം ലോവർ പ്രൈമറി സ്കൂൾ എന്നാണ് ഇതിന്റെ മുഴുവൻ പേര്. ആത്മവിദ്യാസംഘത്തിന്റെ സ്ഥാപകനായ ശ്രീ. വാഗ്ഭടാനന്ദ സ്വാമികളാണ് ഈ വിദ്യാലയത്തിന് വിദ്യാവിലാസം, സ്കൂൾ എന്ന് നാമകരണം തുടക്കത്തിൽ തന്നെ നിലത്തെഴുത്തു മുതൽ അഞ്ചാം തരം വരെ ഉണ്ടായിരുന്ന ഈ വിദ്യാലയത്തിൽ നിന്നും നൂറുകണക്കിന് വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചിട്ടുണ്ട്.2018 ൽ ആധുനിക സൗകര്യങ്ങളോടെ പിവി ബഷീർ മാനേജ്മെന്റിൽ വിദ്യാലയം പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ മുതുവടത്തൂർ വി.വി.എൽ. പി. സ്കൂൾ വിഷൻ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

2. വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രേഖ എസ്.ആർ.ജി. എസ്.എസ്.ജി. പി.ടി.എ, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

4. ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## നിലവിലുള്ള അവസ്ഥ വിശകലനം

അക്കാദമികം

മുന്നൂറിലധികം വിദ്യാർത്ഥികൾ ഇന്ന് വിദ്യാലയത്തിൽ അധ്യയനം നടത്തുന്നു. 1 മുതൽ 5-ാം ക്ലാസ്സുവരെ 12 അധ്യാപകർ നിലവിലുണ്ട്. എൽ.കെ.ജി, യു.കെജി ക്ലാസ്സുകളിലായി 3 നഴ്സറി ടീച്ചർമാരും ഉണ്ട്. കുട്ടികളുടെ മാനസിക-ബൗദ്ധിക വികാസത്തിനാവശ്യമായ വിവിധ പദ്ധതികൾ സ്കൂളിൽ നടത്തുന്നു. മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങൾ വരുത്തുന്നു. ക്ലാസ്സ് ലൈബ്രറികൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. കമ്പ്യൂട്ടർ ഉപയോഗിച്ച് കളിപ്പെട്ടി തുടങ്ങിയവ പഠിപ്പിക്കാൻ പ്രത്യേകം കംപ്യൂട്ടർ റൂം ഉണ്ട്. വിവധ ദിനാചരണങ്ങളോടനുബന്ധിച്ച് മത്സരങ്ങളും പ്രവർത്തനങ്ങളും നടത്തി സമ്മാനങ്ങളും വിതരണം ചെയ്യുന്നു. അറബിക്കിനായി ഒരു അധ്യാപികൻ ഉണ്ട്. സബ്ജില്ലാ ജില്ലാ മത്സരങ്ങളിൽ വിവധമേഖലകളിൽ പങ്കെടുത്ത് ഉയർന്ന വിജയം കൈവരിക്കാൻ കുറെ വർഷങ്ങളായി സാധിക്കുന്നു. കലാമേളകളിൽ വർഷങ്ങളായി മൂന്നാം സ്ഥാനത്തിനുള്ളിലെത്താൻ കഴിയുന്നു. ധാരാളം കുട്ടികളുള്ള സ്കൂളുകളോട് മത്സരിച്ചാണ് 62 ഓളം സ്കൂൾ പങ്കെടുക്കുന്ന മേളകളിൽ ഈ നേട്ടം കൈവരിക്കാനാകുന്നത്. ഗണിതമേളയിലും പ്രവർത്തിപരിചയമേളകളിലും മുഴുവൻ മത്സരഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നു. മുഴുവൻ ചെലവും അധ്യാപകർ തന്നെയാണ് വഹിക്കുന്നത്. ഗണിതസാമൂഹ്യശാസ്ത്രമേളകളിൽ ജില്ലയെ പ്രതിനിധീകരിച്ച് കുട്ടികൾ പങ്കെടുക്കുന്നു. സ്പോർട്സിലും എല്ലാ മത്സരങ്ങളിലും പങ്കെടുപ്പിക്കുന്നു. സ്കൂൾ കലാമേള മികച്ച രീതിയിൽ നടത്തി വരുന്നു. ജൂൺ മാസം മുതൽ എൽ.എസ്സ്.എസ് പരിശീലനം തുടങ്ങി. ജൂലൈ മാസത്തിൽ നല്ല രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി പഠനപിന്നോക്കവസ്ഥയിലുള്ള കുട്ടികൾക്ക് അതാത് ക്ലാസ് ടീച്ചർമാർ പ്രവർത്തനം നൽകുന്നു. വിവിധ തരം ക്വിസ്സുകൾ നടത്തുന്നു സി.ഡബ്ല്യൂ.എസ്.എൻ കുട്ടികളെ പഠനത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ബി.ആർ.സി യിൽ നിന്നുമുള്ള അധ്യാപകരുടെ പ്രയോജനം ലഭിക്കാത്തിനാൽ വേണ്ടത്ര പ്രവർത്തനങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. അക്കാദമിക് കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br><br>ഗണിതശേഷി വികസനം<br><br>ഇംഗ്ലീഷ് പഠനം ലളിതവും രസകരവുമാക്കൽ<br><br>ശാസ്ത്രീഭിരുചി വളർത്തൽ<br><br>വായനാശീലം വളർത്തുക<br><br>ലൈബ്രറി ശാക്തീകരണം<br><br>ജൈവവൈവിധ്യ പാർക്ക്<br><br>പഠനയാത്രകൾ, ട്രിപ്പുകൾ കലാകായികമേള, ശാസ്ത്രഗണിതശാസ്ത്ര പ്രവൃത്തിപരിചയമേള എ.ടി.പരിശീലനം ഫീൽഡ്<br><br>. പി.ടി.എ സജീവമാക്കൽ<br><br>ഒന്നാം ക്ലാസ്സ് ഒന്നാം തരം<br><br>പോഷകാഹാര പരിപാടി | ലാബ്<br>അസംബ്ലി ഹാൾ<br>ഓഡിറ്റോറിയം<br>കളിസ്ഥലം<br>സ്റ്റേജ്<br>ലൈബ്രറി<br>മാലിന്യ നിർമാർജന സംവിധാനം | പി.ടി.എ ശക്തിപ്പെടുത്തൽ<br><br>എസ്.എസ്.ജി കാര്യക്ഷമമാക്കൽ<br><br>പൂർവവിദ്യാർത്ഥി സംഘടന പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തൽ<br><br>ക്ലബുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br><br>ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതതിനുള്ള പ്രവർത്തനങ്ങൾ<br><br>വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br><br>വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br><br>ഭവനസന്ദർശനം |

## പ്രോജക്ട് - മലയാളം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ(മലയാളത്തിളക്കം), മികച്ച വായനക്കാരൻ(വായനക്കൂട്ടം) മികച്ചഎഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത്വചനത്തിന് വേണ്ടി വിദ്യാർത്ഥിസമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക. ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻനിരയിൽ എത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. 2024-25 അധ്യയന വർഷം തൂണേരി ബി.ആർ.സിയുടെയും ഡയറ്റിന്റെയും എസ്.സി.ആർ.ടിയുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്.

ലക്ഷ്യങ്ങൾ

എല്ലാവർക്കും എഴുത്തും വായനയും

വായനക്കൂട്ടം - എഴുത്തുകൂട്ടം

ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി

ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ

വായനയുടെ വിവധ തലങ്ങൾ പരിചയപ്പെടൽ

ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക

വായനാസാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക...

വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുക
നാടൻ പാട്ട് എല്ലാവരും പഠിക്കുക.
തെറ്റില്ലാത്ത എഴുത്തും വായനയും

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭി രുചി വളർത്തുക.<br>ഗണിതാസ്വദനം | . റിസോഴ്സ് പേഴ്സണെ ഉപയോഗിച്ച് രസകരമായ ക്ലാസ്സുകൾ, വർക്ഷോപ്പുകൾ സംഘടിപ്പിക്കുന്നു. പാഠാസൂത്രണം ശിശുസൗഹൃദമായി ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു<br>. മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ഒക്ടോബർ<br>മാർച്ച് | എസ് ആർ ജി മാത് സ് ക്ലബ് | റിസോഴ്സ് പേഴ്സന്റെ ചെലവ് 2000 |
| | ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കരിക്കല് | . അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടു ത്തുന്നു.<br>ഗണിതപരമായി ബന്ധപ്പെട്ട പിന്നോ ക്കാവവസ്ഥ പരിഹ രിക്കജശ<br>. പ്രീ ടെസ്റ്റ്<br>. മൂല്യനിർണയം<br>. റിസൾട്ട് രേഖപ്പെടുത്തുന്നു<br>. റിപ്പോർട്ട് തയ്യാറാക്കുന്നു.<br>. പരിഹാരബോധനം<br>. സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു<br>. മുൻക്ലാസുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായി നൽകുന്നു.<br>. വർക്ക് ഷീറ്റ് നൽകൽ<br>. രക്ഷിതാക്കൾക്ക് ക്ലാസ് നൽകൽ | സെപ്റ്റംബർ-ജനുവരി | എസ് ആർ ജി മാത് സ് ക്ലബ് ക്ലാസ് ടീച്ചർ | വർക്ക് ഷീറ്റ് ഐ സി ടി ക്ലാസ് റും |
| | ഗണിത ക്ലബ് ശാക്തീകരണം | ക്ലബിലെ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും | | എസ് ആർ ജി | |

| | | | | | |
|---|---|---|---|---|---|
| | | ആസൂ ത്രണം ചെയ്യുന്നു.<br>. വിദഗ്ധരെ കണ്ടെത്തി ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• ക്വിസ് മത്സരങ്ങൾ, പസ്സിലുകൾ, കുസൃതികണക്കുകൾ എന്നീ മത്സ രങ്ങൾ സംഘടിപ്പിക്കുന്നു.<br>ഉത്തരപ്പെട്ടി - ഗണിതചോദ്യങ്ങൾ സ്കൂൾ നോട്ടീസ് ബോഡിൽ പ്രദർ ശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കു ന്നു. വിജയിയെ കണ്ടെത്തി പ്രഖ്യാപിക്കൽ | ജൂലൈ | | |
| | ഗണിതലാബ് സജ്ജീകരണം | വിദ്യാലയത്തിൽ ഗണിത റഫറൻസ് ബുക്കുകൾ, മോഡലുകൾ, വർക്കിംഗ് മോഡലുകൾ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയ സജീകരണം | ഒക്ടോബർ | എസ് ആർ ജി മാത് സ് ക്ലബ് ക്ലാസ് ടീച്ചർ | |
| | ഗണിതമേളയിൽ നേട്ടങ്ങൾ കൈവരിക്കൽ | . വിദ്യാലയത്തിൽ ഗണിതമേള സംഘടിപ്പിക്കുക<br>. നിർമാണ ശിൽപശാല<br>. മികച്ച വിദ്യാർത്ഥികളെ തെരഞ്ഞെടുക്കൽ, പരിശീലനം<br>• പ്രാദേശിക വൈദഗ്ധ്യം ഉപയോഗിക്കൽ | സെപ്റ്റംബർ | എസ് ആർ ജി മാത് സ് ക്ലബ് ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ്

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഇംഗ്ലീഷ് ഭാഷയി ലുള്ള പദസമ്പത്ത് വർധിപ്പിക്കൽ | എല്ലാ കുട്ടികൾക്കും ഡിക്ഷനറി വാങ്ങിപ്പിക്കു ക. ദിവസവും എല്ലാ അക്ഷരങ്ങളുടെയും 5 വീതം വാക്കുകൾ പ്രിന്റെടുത്ത് നൽകു ക(ടെക്സ്റ്റിൽ വരുന്നതാണ്). പഠിക്കുക. മത്സരം നടത്തുക. സമ്മാനം നൽകുക | മാർച്ച് | ഡിക്ഷനറി വാങ്ങിക്കൊടുക്കു ക. പഠിപ്പിക്കുക | പ്രിന്റെടുക്കാൻ. സമ്മാനം നൽകാൻ 1000 |
| | ഇംഗ്ലീഷ് വായന മെച്ചപ്പെടുത്താൻ | വായനാമത്സരം നടത്തുക.ഇംഗ്ലീഷ് കളിക്കു ടുക്ക, മിന്നാമിന്നി വാങ്ങിപ്പിക്കുക. സമ്മാന ങ്ങൾ നൽകുക | 1 മാസം | ഉറക്കെ വീട്ടിൽ നിന്നും വായിപ്പിക്കുക. മാസിക വായിപ്പിക്കൽ | മാസികകൾ, സമ്മാനം |
| | സ്പെല്ലിംഗ് തെറ്റാ തിരിക്കാൻ | കേട്ടെഴുത്ത് നടത്തുക. ദിവസവും ഒരു പേജ് നോക്കിയെഴുതുക | ദിവസവും | | കേട്ടെഴുത്ത് നോട്ട് |
| | ഇംഗ്ലീഷ് സംസാ രിക്കാനുള്ള കഴിവ് മെച്ചപ്പെടുത്താൻ | ഇംഗ്ലീഷിൽ അധ്യാപകർ സംസാരിക്കുക. കുട്ടികളും ഇംഗ്ലീഷിൽ സംസാരിക്കുക -<br>ഗ്രാമർ ക്ലാസ്സുകൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടത്തുക | | | ക്ലാസ്സെടുക്കുന്ന അധ്യാപകൻ ചെലവ് |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | കഥകൾ, കവിത എന്നിവ ആസ്വദി\| ക്കുന്നതിനും പോർട്ട് ഫോളിയോ തയ്യാറാക്കുന്നതിനും | ഇഷ്ടപ്പെട്ട കഥകൾ നോക്കി എഴുതി ചിത്രം വരച്ച് മാഗസിൻ തയ്യാറാക്കുക- സ്വന്തമായി കവിതകൾ ഉണ്ടാക്കുക. വർഷാ വസാനം പ്രദർശിപ്പിക്കുക. ചിത്രങ്ങൾ നോക്കി കഥ, കവിത രചിക്കുക. ലളിതമായ ലൈബ്രറി പുസ്തകങ്ങൾ ലഭ്യ മാക്കുക. | | | |
| | പാഠഭാഗങ്ങൾ മനസ്സിലാക്കൽ | എ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തു ക. റോൾ പ്ലേ രീതി ഉപയോഗിക്കുക. | | | |
| | പിന്നോക്കക്കാരെ ഉയർത്തിക്കൊണ്ടു വരാൻ (ഐ.ഇ. ഡി.സി) | ക്ലാസ്സിൽ പിയർ ഗ്രൂപ്പ് ഉണ്ടാക്കുക, സ്ക്വാഡു കൾ രൂപീകരിച്ച് (മിക്സഡ്) ചുമതലകൾ നൽകുക. സമ്മാനങ്ങൾ നൽകുക. ചിത്രരൂപത്തിൽ പാഠഭാഗങ്ങൾ നിർമിക്കുക. വായിക്കാൻ സഹായിക്കുക നാടകങ്ങൾ അവതരിപ്പിക്കുക. | മാർച്ച് | ചിത്രം<br><br>വരക്കുന്നവരെ കൊണ്ട് ചിത്ര പുസ്തകങ്ങ ളുണ്ടാക്കുക നാടക രചന | സമ്മാനം 2000 രൂപ<br><br>3000 രൂപ |
| | ഇംഗ്ലീഷ് ഭാഷാക ളികൾ, പ്രൊജ ക്ടുകൾ | വിദഗ്ധരെ സ്കൂളിലേക്ക് വിളിച്ച് ക്ലാസ്സു കളും കളികളും നടത്തുക. രക്ഷിതാക്കൾക്ക് ക്ലാസ് പി.ടി.എ വിളിച്ച് നിർദേശം നൽകുക. ഗ്രാമർ ക്ലാസുകൾ നടത്തുക | | കുട്ടികൾക്ക് പ്രൊജക്ടിന് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ | |
| | പ്രതിഭാശാലികൾക്ക് കൂടുതൽ മെച്ചപ്പെടാൻ | ഇംഗ്ലീഷ് സിനിമകൾ കാണിക്കുക. നാടക രചന കോറിയോഗ്രാഫി ഏൽപ്പിക്കുക | | | അവതരണം |

## മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഭാഷാപരമായ പിന്നേക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>എസ്.സി.ആർ.<br>ഐ.ഇ.ഡി പി.ടി.എ<br>പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം),<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യം എഴുതൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 3 മാസം | എസ് ആർ ജി മാത് സ് ക്ലബ് | റിസോഴ്സ് പേഴ്സന്റെ ചെലവ് 2000 |
| | കുട്ടിയെ മികച്ച വായനക്കാരനാക്കുന്നു വായനക്കൂട്ടം | L ക്ലാസ്സ് വായന രൂപീകരിക്കുക<br>2. വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>6 ലൈബ്രറി<br>ലൈബ്രറി ഗ്രന്ഥശാല<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ | 6 മാസം | | |